(iii) ഡെപ്യൂട്ടി ഡയറക്ടർ (ഫീൽഡ് വിഭാഗം)

(1) കാസർഗോഡ്

(2) മലപ്പുറം

(3) എറണാകുളം

(4) ആലപ്പുഴ

(5) പത്തനംതിട്ട

(iv) ഡെപ്യൂട്ടി ഡയറക്ടർ (ഓഫീസ് വിഭാഗം)

തിരുവനന്തപുരം – 2

(ബി&സി) അടിയന്തര സാഹചര്യങ്ങളിൽ ജില്ലകളിലെ പ്രവർത്തനങ്ങൾക്ക് മാന്ദ്യം വരാത്ത രീതിയിൽ അർഹരായ ഉദ്യോഗസ്ഥർക്ക് താൽക്കാലിക ഉദ്യോഗ കയറ്റം നൽകുകയും താഴെയുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകുകയും ചെയ്തിട്ടുണ്ട്.

ലീഗൽ മെട്രോളജി വകുപ്പ് കോഴിക്കോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

32 (3591) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ മെട്രോളജി വകുപ്പ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട എന്നീ പഞ്ചായത്തുകളിൽ നിന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1337 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഏലത്തൂർ – 11

തലക്കുളത്തൂർ – 8

അത്തോളി – 5

ഉള്ളിയേരി – 4

പനങ്ങാട് – 3

ബാലുശ്ശേരി – 14

നൻമണ്ട – 9

LIBRARY ARCHIVES Kerala Legislative Assembly